**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4096** **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എസ്.പി.എൽ.-ന്റെയും കിഫ്ബിയുടെയും വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എസ്.പി.എൽ. ന്റെയും കിഫ്ബിയുടെയും വായ്പകൾ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള കടം അല്ലെന്ന അവകാശവാദം കേന്ദ്ര ധന മന്ത്രാലയത്തിന് മുൻപിൽ കേരളം ഉന്നയിച്ചിരുന്നോ; എങ്കിൽ പ്രസ്തുത വാദം കേന്ദ്ര സർക്കാർ തള്ളിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ കിഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing -ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാല്സ തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായപകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിനു സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വായപകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>KSSPL മിച്ച ഫണ്ടുകളുള്ള മറ്റ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വകാല അഡ്വാൻസായി എടുത്തിട്ടുള്ള വായ്പ ഒരു ലിക്വിഡിറ്റി മാനേജ്മെന്റ് മാത്രമാണെന്നും പ്രസ്തുത വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ കത്ത് മുഖേന ഇതിനകം അറിയിച്ചിട്ടുള്ളതാണ്.<br><br>ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചു വരുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ കിഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing -ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാലു തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായപകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിനു |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വായപകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>KSSPL മിച്ച ഫണ്ടുകളുള്ള മറ്റ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വകാല അഡ്വാൻസായി എടുത്തിട്ടുള്ള വായ്പ ഒരു ലിക്വിഡിറ്റി മാനേജ്മെന്റ് മാത്രമാണെന്നും പ്രസ്തുത വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ കത്ത് മുഖേന ഇതിനകം അറിയിച്ചിട്ടുള്ളതാണ്.<br><br>ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ച വരുന്നു. |
| (സി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് സാമ്പത്തിക സഹായം പിൻവലിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവ് കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതുല്യപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ(കൈ)നം.232/2018/ധന.-യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ(കൈ)നം.97/2022/ധന പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ |

| | | | |
|---|---|---|---|
| | | | ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കു ശേഷം മാത്രം 03.07.2022-ലെ സ.ഉ(സാധാ)നം.4833/22/ധന പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ